# വനിതാ രംഗം സജീവം

**അബ്ദുറഹ്മാൻ കൊണ്ടോട്ടി**

അര നൂറ്റാണ്ടു മുമ്പ് ജമാഅത്തെ ഇസ്‌ലാമി നിലവിൽ വരുമ്പോൾ മുസ്‌ലിം സ്ത്രീകൾ അങ്ങേയറ്റം ശോചനീയമായ ഒരവസ്ഥയിലായിരുന്നു. വിജ്ഞാനത്തിന്റെ കവാടങ്ങൾ അവർക്കു മുമ്പിൽ കൊട്ടിയടക്കപ്പെട്ടിരിക്കുന്നു. സ്ത്രീ എഴുത്തും വായനയും പഠിക്കുന്നത് നിഷിദ്ധമാണെന്നായിരുന്നു പൊതുവായ ധാരണ. അവർക്ക് പള്ളിയിൽ പ്രവേശിക്കാനോ അവിടെ നടക്കുന്ന പ്രാർഥനകളിലും മതോപദേശങ്ങളിലും പങ്കെടുക്കാനോ പാടുണ്ടായിരുന്നില്ല. ഇതിന്റെയെല്ലാം ഫലമായി അജ്ഞതയും അന്ധവിശ്വാസങ്ങളും അവർക്കിടയിൽ കൊടികുത്തിവാണു. ഈ പതിതാവസ്ഥയിൽ നിന്നു സ്ത്രീകളെ ഉയർത്തിക്കൊണ്ടുവരാനുള്ള ശ്രമങ്ങൾ അങ്ങിങ്ങ് ആരംഭിച്ചിരുന്നുവെങ്കിലും അതു വേണ്ടത്ര വ്യാപകമോ വിജയകരമോ ആയിരുന്നില്ല. യാഥാസ്ഥിക പുരോഹിതന്മാരുടെ ഭാഗത്തുനിന്നുള്ള ശക്തമായ എതിർപ്പുകൾ ഇത്തരം സംരംഭങ്ങൾക്കു വിഘാതം സൃഷ്ടിച്ചു.

ഇസ്‌ലാമിക വ്യവസ്ഥയെ ഭൂമിയിൽ സമഗ്രമായും സമ്പൂർണമായും നടപ്പിൽ വരുത്തുക എന്ന ലക്ഷ്യവുമായാണ് ജമാഅത്തെ ഇസ്‌ലാമി രംഗത്തുവന്നത്. ഈ പ്രവർത്തനത്തിൽ സ്ത്രീകൾക്ക് വഹിക്കാനുള്ള പങ്കിനെക്കുറിച്ച് ജമാഅത്തെ ഇസ്‌ലാമി തുടക്കത്തിൽത്തന്നെ മനസ്സിലാക്കിയിരുന്നു. എന്നാൽ, സ്ത്രീസമൂഹത്തിൽ വ്യാപകമായി നിലനിന്ന അജ്ഞതയും അന്ധവിശ്വാസങ്ങളും ഇസ്‌ലാമിക പ്രവർത്തനങ്ങളിൽ അവരെക്കൂടി ഭാഗഭാക്കുകളാക്കുന്നതിനു വിഘാതമായി നിന്നു.

അതിനാൽ, വിദ്യാഭ്യാസവും പരിശീലനവുംവഴി ഇസ്‌ലാമിക പ്രബോധനത്തിനും പ്രവർത്തനത്തിനും യോഗ്യതയുള്ള ഒരോ പ്രവർത്തകയെ ഓരോ പ്രദേശത്തും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. രണ്ടു ദശാബ്ദം നിരന്തരമായി തുടർന്ന പ്രവർത്തനങ്ങളുടെ ഫലമായി പരിചയസമ്പന്നരായ ഏതാനും സഹോദരികളെ വിവിധ പ്രദേശങ്ങളിൽ വളർത്തിയെടുക്കാൻ കഴിഞ്ഞു. അതോടൊപ്പം വനിതാവിദ്യാഭ്യാസരംഗത്തും പ്രസ്ഥാനം ശ്രദ്ധയൂന്നി. വിദ്യാഭ്യാസത്തിന്റെ ആവശ്യകത സമുദായത്തെ ബോധ്യപ്പെടുത്താനുള്ള ശക്തമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും സ്ത്രീകളെ മുക്തരാക്കാൻ നിരന്തര ശ്രമം നടത്തി. പള്ളികളിൽ സ്ത്രീകൾക്കുകൂടി പ്രവേശനം നൽകി. ഇതിനുപുറമെ, പെൺകുട്ടികൾക്കു മാത്രമായുള്ള മദ്രസകളും കോളേജുകളും ആരംഭിക്കുകയും ചെയ്തു.

1960-ൽ ചേന്ദമംഗല്ലൂരിൽ സ്ഥാപിതമായ മദ്രസത്തുൽ ബനാത്ത് ആയിരുന്നു ഈ രംഗത്തെ ആദ്യ സംരംഭം. ഇന്ന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പത്തു വനിതാകോളേജുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ജമാഅത്തിന്റെ ഇത്തരം സംരംഭങ്ങൾക്ക് യാഥാസ്ഥിക വിഭാഗത്തിൽനിന്ന് കടുത്ത എതിർപ്പുകൾ നേരിടേണ്ടിവന്നിട്ടുണ്ട്. ഇന്നും ഈ എതിർപ്പുകൾ തീരെ ഇല്ലാതായിട്ടുണ്ടെന്ന് പറഞ്ഞുകൂടാ. എന്നാൽ മുമ്പ് എതിർത്തിരുന്നവർപോലും ഇപ്പോൾ ഈ രംഗത്തേക്ക് പതുക്കെയാണെങ്കിലും കടന്നുവന്നുകൊണ്ടിരിക്കുന്നുണ്ട് എന്നത് ശുഭോദർക്കമാണ്.

1968-ൽ ജമാഅത്ത് അംഗീകരിച്ച ചതുർവർഷ പരിപാടിയിൽ വനിതകളെ ജമാഅത്തുമായി സഹകരിപ്പിക്കുന്നതിനു വ്യവസ്ഥയുണ്ടാക്കി. അതനുസരിച്ച് ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച അറിവും അതിനോട് സഹകരണവുമുള്ള സഹോദരികളെ ജമാഅത്തിന്റെ മുത്തഫിഖു(അനുഭാവി)കളായി അംഗീകരിച്ചു. മുത്തഫിഖാത്തുകളുള്ള സ്ഥലങ്ങളിൽ അവരുടെ ഹൽഖ (ഘടകം) നിലവിൽവരികയും ചെയ്തു. ഒന്നിലധികം ഘടകങ്ങളുള്ള ഏരിയകളിൽ ഹൽഖകളുടെ നോട്ടത്തിനും പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും യോഗ്യരായ സഹോദരികളെ കൺവീനർമാരായും നിശ്ചയിച്ചു. കൂടാതെ, സംസ്ഥാന-മേഖലാ സമ്മേളനങ്ങളിൽ സ്ത്രീകൾക്കുകൂടി സൗകര്യമേർപ്പെടുത്തുന്നു. പതിനായിരക്കണക്കിൽ സഹോദരികൾ ഇത്തരം സമ്മേളനങ്ങളിൽ പങ്കെടുക്കുന്നു എന്നതുതന്നെ ഈ രംഗത്ത് പ്രസ്ഥാനം കൈവരിച്ച നേട്ടത്തെ വിളിച്ചോതുന്നു.

ഇത്തരം പരിപാടികളിൽ കേവലം ദീനീകാര്യങ്ങൾ മാത്രമല്ല, പഠിപ്പിക്കപ്പെട്ടത്; ആരോഗ്യം, ശുചിത്വം എന്നിവയെക്കുറിച്ചു അറിവും സാമൂഹിക-രാഷ്ട്രീയ കാര്യങ്ങളെക്കുറിച്ചുള്ള അവബോധവും പകർന്നുകൊടുക്കാനുള്ള ശ്രമങ്ങൾകൂടി നടത്തപ്പെട്ടിരുന്നു. സ്ത്രീകളിൽ അന്തർലീനമായ സർഗവാസനകളെ ഉത്തേജിപ്പിക്കാനുള്ള ശ്രമങ്ങളും ഈ പ്രവർത്തനങ്ങളുടെ ഭാഗമാണ്.

പ്രസംഗിക്കാനും ക്ലാസുകളെടുക്കാനും കഴിവുള്ള നൂറിൽപരം സഹോദരികളെ ലഭിച്ചിട്ടുണ്ടെന്നത് എടുത്തുപറയത്തക്കതാണ്. ഈ രംഗത്ത് കുറ്റ്യാടി, ചേന്ദമഗലൂർ, ശാന്തപുരം, വണ്ടൂർ, തിരൂർക്കാട്, കൊടുങ്ങല്ലൂർ, ഏറിയാട്, മുവാറ്റുപുഴ മുതലായ സ്ഥലങ്ങളിലെ വനിതാ കോളേജുകളുടെ പങ്കും പ്രത്യേകം പ്രസ്താവ്യമാണ്.

വനിതാരംഗത്തെ പ്രവർത്തനം കൂടുതൽ ഊർജിതവും വ്യവസ്ഥാപിതവുമാക്കുന്നതിന് ഇടക്കാലത്ത് പ്രത്യേക വകുപ്പ് ഏർപെടുത്തുകയുണ്ടായി. കെ.ടി. ആസ്യ, ഫാത്തിമാ മൂസ, കെ.കെ. സുഹ്റ, റുഖിയ്യാറഹീം, ഒ. സുബൈദ എന്നിവരടങ്ങുന്നതായിരുന്നു ഈ വകുപ്പ്.

ക്രമപ്രവൃദ്ധമായി തുടർന്നു വരുന്ന ഈ പ്രവർത്തനങ്ങൾ ആശാവഹമായ ഫലങ്ങളാണുളവാക്കിയിട്ടുള്ളത്. ജമാഅത്തിൽ അംഗത്വം സ്വീകരിച്ചവരായി പതിനഞ്ചു വനിതകളും കാർകൂനാത്തുകളായി അഞ്ഞൂറു പേരും മുത്തഫിഖാത്തുകളായി ആയിരത്തി അഞ്ഞൂറിൽ പരവും രഗത്തുവന്നത് ഇസ്‌ലാമിക പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പ്രതീക്ഷയുളവാക്കുന്നതാണ്. 49 സ്ഥലങ്ങളിൽ വനിതാ കാർകൂൻ ഹൽഖകളും 54 വനിതാ മുത്തഫിഖത് ഹൽഖകളും പ്രവർത്തിച്ചു വരുന്നുമുണ്ട്.

**ഗേൾസ് ഇസ്‌ലാമിക് ഓർഗനൈസേഷൻ**

പിന്നിട്ട ദശകങ്ങളിൽ, വിദ്യാഭ്യാസ മേഖലിയിൽ മുസ്‌ലിം സമുദായത്തിലുണ്ടായ പുരോഗതി സ്ത്രീസമൂഹത്തിലും ആശാവഹമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് സമ്മതിക്കണം. സ്കൂളുകളും കോളേജുകളും സ്ഥാപിച്ചു നടത്തുന്ന മുസ്‌ലിം സംഘടനകളും സാംസ്കാരിക സമിതികളും ഈ പുരോഗതിയിൽ വഹിച്ച പങ്ക് പ്രസ്താവ്യമാണ്. അഭ്യസ്തവിദ്യരായ മുസ്‌ലിം സ്ത്രീകൾ വിരലിലെണ്ണാൻപോലും ഇല്ലാതിരുന്ന കാലം പിന്നിട്ടു. ഇന്ന് ഡിഗ്രിയും പോസ്റ്റ് ഗ്രാജ്വേഷനുമൊക്കെയുള്ളവരുടെ എണ്ണവും തോതും നമുക്ക് അഭിമാനിക്കാൻ മാത്രം വർധിച്ചുകൊണ്ടിരിക്കുകയാണ്. വിവിധ കാലങ്ങളിലായി പതിനായരക്കണക്കിനു മുസ്‌ലിം വിദ്യാർഥിനികൾ പഠിച്ചു വളർന്നുകൊണ്ടിരിക്കുന്നു. ആർട്സ് കോളേജുകളിൽ മാത്രമല്ല, എഞ്ചിനിയറിംഗ് കോളേജുകളിലും മെഡിക്കൽ കോളേജുകളിലും മുസ്‌ലിം വിദ്യാർഥിനികളുടെ സാന്നിധ്യം വർധിച്ചുകൊണ്ടിരിക്കുകയാണ്.

പ്രോൽസാഹജനകവും പ്രതീക്ഷാനിർഭരവുമാണ് ഈ വശമെങ്കിലും ആശങ്കയും ഭീതിയും ജനിപ്പിക്കുന്ന ഒരു മറുവശവും ഇതിനുണ്ട്. മുമ്പ് അജ്ഞാനവും അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമായിരുന്നു സ്ത്രീകളെ വരിഞ്ഞുമുറുക്കിയിരുന്നത്. എന്നാൽ, ഇന്ന് ആധുനിക വിജ്ഞാനം അവരെ അവിശ്വാസത്തിലും അത്യാചാരങ്ങളിലും കൊണ്ടെത്തിക്കുന്നതിന്റെ ഉദാഹരണങ്ങൾ ദൃശ്യമായിക്കൊണ്ടിരിക്കുകയാണ്. ഭൗതിക സംസ്കാരത്തിലധിഷ്ഠിതമായ സംഘടനകളും പ്രസ്ഥാനങ്ങളും മുസ്‌ലിം വിദ്യാർഥിനികളെയും യുവതികളെയും വലയം ചെയ്തുകൊണ്ടിരിക്കുന്ന സാഹചര്യം ഭീതിജനകമാണ്.

ജമാഅത്തെ ഇസ്‌ലാമിയെപ്പോലുള്ള ഒരു സംഘടനക്ക് ഈ സ്ഥിതിവിശേഷത്തിനുനേരെ കണ്ണടക്കാൻ കഴിയുമായിരുന്നില്ല. ആധുനിക വിദ്യാഭ്യാസംനേടി വളരുന്ന മുസ്‌ലിം യുവതികളെ ഇസ്‌ലാമിക സംസ്കാരങ്ങളിൽ അടിയുറച്ചു നിർത്താനുള്ള ശ്രമങ്ങൾ അടിയന്തിരമായി നടത്തപ്പെടേണ്ടതുണ്ടെന്ന് ജമാഅത്ത് മനസ്സിലാക്കി.

ഈ പശ്ചാത്തലത്തിലാണ് 1984-ൽ വിദ്യാർഥിനികളെയും യുവതികളെയും ഉദ്ദേശിച്ച് ഗേൾസ് ഇസ്‌ലാമിക് ഓർഗനൈസേഷനു രൂപം നൽകപ്പെട്ടത്. ജമാഅത്തെ ഇസ്‌ലാമി കേരള ശൂറ ഈയുള്ളവനെ സംഘടനയുടെ ഓർഗനൈസറായി നിശ്ചയിച്ചു. പ്രാരംഭമായി ഏരിയകൾതോറും കൺവെൻഷനുകൾ വിളിച്ചുചേർത്ത് സംഘടനയുടെ ആവശ്യവും പ്രാധാന്യവും ബോധ്യപ്പെടുത്തുകയാണ് ചെയ്തത്. ഈ കൺവെൻഷനുകളിൽ അന്ന് ജമാഅത്തെ ഇസ്‌ലാമി കേരള അമീറായിരുന്ന ജ: കെ.സി. അബ്ദുല്ല മൗലവിയും മറ്റ് ഉത്തരവാദപ്പെട്ടവരും പങ്കെടുത്തു.

തുടർന്ന് ഔദ്യോഗിക ഭരണഘടനയും നയപരിപാടികളും അംഗീകരിച്ചു. ജ: ഇ: കേരള അമീറിന്റെ രക്ഷാകർതൃത്വത്തിൽ പ്രവർത്തനം വ്യവസ്ഥാപിതമായി ആരംഭിച്ചു. ഭരണഘടനക്കു വിധേയമായി ഔദ്യോഗിക ഫോറം പൂരിപ്പിച്ച പതിനഞ്ചു വയസ്സു തികഞ്ഞ സഹോദരികളെ ജി.ഐ.ഒ അംഗങ്ങളായി അംഗീകരിച്ചു. ഒന്നിലധികം അംഗങ്ങളുള്ള സ്ഥലങ്ങളിൽ പ്രാദേശിക യൂനിറ്റുകൾ സ്ഥാപിച്ചു. ഒന്നിലധികം യൂനിറ്റുകളുള്ള ഏരിയകൾക്ക് ഓർഗനൈസർമാരെ നിശ്ചയിക്കുകയും മൂന്നു മാസങ്ങൾ കൂടുമ്പോൾ ഏരിയാ സമ്മേളനങ്ങൾ നടത്തുകയും ചെയ്യുന്നു. ഏരിയകളിൽ പ്രവർത്തനം വികസിപ്പിക്കുന്നതിനും പുതിയ വൃത്തങ്ങളും യൂണിറ്റുകളും സ്ഥാപിക്കുന്നതിനും ഏരിയാ സമ്മേളനങ്ങളിൽ പ്രോൽസാഹനം നൽകുന്നു. ഇപ്പോൾ അൻപത് ഏരിയകളും അത്രതന്നെ ഓർഗനൈസർമാരും നിലവിൽ വന്നിരിക്കുന്നു.

228 യൂനിറ്റുകളിലായി 4000 മെമ്പർമാരും അത്രതന്നെ അസോസിയേറ്റഡ് അംഗങ്ങളുമുണ്ട്. ഇതിനുപുറമെ 16 ബാലികാ സമാജങ്ങളും അമുസ്‌ലിം സഹോദരികൾക്കായുള്ള രണ്ടു സിസ്റ്റേഴ്സ് ഫോറവും രൂപീകൃതമായിട്ടുണ്ട്.

ജില്ലാ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ജില്ലാ കൗൺസിലുകൾ രൂപീകരിച്ചിരിക്കുന്നു. ജി.ഐ.ഒ മെമ്പർമാർ തെരഞ്ഞെടുക്കുന്ന പ്രതിനിധികൾ അംഗങ്ങളായുള്ള കൗൺസിലുകളുടെ കാലാവധി രണ്ടു വർഷമാണ്. കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പലക്കാട്, തൃശൂർ, എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് കൗൺസിലുകൾ രൂപീകൃതമായിട്ടുള്ളത്.

ജില്ലാ കൗൺസിലർമാർ തങ്ങളിൽനിന്ന് തെരഞ്ഞെടുക്കുന്ന പതിനഞ്ചംഗങ്ങൾ ഉൾകൊള്ളുന്ന ഒരു സ്റ്റേറ്റ് കൗൺസിലാണ് സംസ്ഥാനത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നത്. കൗൺസിലിൽനിന്ന പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ എന്നീ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നു. സ്റ്റേറ്റ് കൗൺസിലിന്റെ പ്രവർത്തവകാലം നാലു വർഷമാണ്. ഏഴു വർഷം മുമ്പ് ജി.ഐ.ഒ നിലവിൽ വരുമ്പോൾ പ്രസിഡന്റ് കെ.കെ. സുഹ്റയും സെക്രട്ടറി റുഖിയ്യാറഹീമും ട്രഷറർ പി. ലൈലയുമായിരുന്നു. ഇപ്പോഴത്തെ ഭാരവാഹികൾ താഴെ പറയുന്നവരാണ്: എ. റഹ്മത്തുന്നിസ(പ്രസി), ശാക്കിറ അബൂബക്കർ (വൈ. പ്രസി.), കെ.ടി. ശരീഫ (സെക്ര.), എം.ടി. മൈമൂന (ജോ. സെക്ര.), ലൈല (ട്രഷ).

**ശ്രദ്ധേയമായ പ്രവർത്തനങ്ങൾ**

മദ്യത്തിനും സ്ത്രീപീഡനത്തിനുമെതിരെ, സ്ത്രീധന നിരോധന നിയമം കർശനമാക്കുക, അശ്ലീല സിനിമകളും സാഹിത്യങ്ങളും നിരോധിക്കുക, സമ്പൂർണ മദ്യനിരോധം ഏർപെടുത്തുക എന്നീ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് സ്ത്രീപീഡനത്തിനെതിരെ ജി.ഐ.ഒ സംസ്ഥാന വ്യപകമായി സംഘടിപ്പിച്ച രണ്ടാഴ്ച നീണ്ടുനിന്ന ക്യാമ്പയിനോടനുബന്ധിച്ച് ഏരിയാ-ജില്ലാ തലങ്ങളിൽ സെമിനാറുകളും സമ്മേളനങ്ങളും പ്രാദേശിക തലത്തിൽ സ്കോഡും ഒപ്പുശേഖരണവും നടത്തുകയുണ്ടായി. അമുസ്‌ലിം സഹോദരികളെയും പരിപാടിയിൽ സഹകരിപ്പിച്ചു. ഉപര്യുക്ത ആവശ്യങ്ങളുന്നയിച്ച് ഒപ്പിട്ട നിവേദനം കണ്ണൂരിൽനിന്നു പുറപ്പെട്ട ജി.ഐ.ഒ നിവേദക സംഘം തിരുവനന്തപുരത്തെത്തി മുഖ്യമന്ത്രിക്ക് നേരിട്ടു സമർപിച്ചു. വഴിനീളെ സ്വീകരണങ്ങളും പ്രസംഗങ്ങളുമായുള്ള പ്രയാണം സ്ത്രീകളിൽ ആവേശവും പ്രവർത്തകരിൽ പ്രതീക്ഷയും വളർത്തി. ഇത്തരമൊരു സംരംഭം വനിതകളുടെ ചരിത്രത്തിൽത്തന്നെ ഇദംപ്രഥമായിരുന്നു. സംഘത്തിൽ മുസ്‌ലിം സ്ത്രീകൾക്കു പുറമെ അമുസ്‌ലിം സഹോദരികളും ഉണ്ടായിരുന്നു.

**ജില്ലാ സമ്മേളനങ്ങൾ**

'വനിതാ വിമോചനം വിശ്വാസങ്ങളിലൂടെ' എന്ന പ്രമേയത്തെ ഉയർത്തിപ്പിടി

ച്ചുകൊണ്ട് 89 ഫെബ്രുവരി മാസങ്ങളിൽ വിപുലമായ പരിപാടികളോടെ ജില്ലാ സമ്മേളനങ്ങൾ നടക്കുകയുണ്ടായി. ആയിരക്കണക്കിൽ സ്ത്രീകൾ പങ്കെടുത്ത പ്രസ്തുത സമ്മേളനങ്ങളിൽ പ്രാസംഗികരായും ശ്രോതാക്കളായും ധാരാളം അമുസ്‌ലിം സഹോദരികളും പങ്കെടുത്തിരുന്നു. വനിതകളിൽ ആവേശം പകർന്ന ഈ സമ്മേളനങ്ങൾ ജി.ഐ.ഒ.വിന്റെ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുകയുണ്ടായി.

**ശരീഅത്ത് വിവാദം**

ഇസ്‌ലാമിക ശരീഅത്തിനെതിരിൽ പൊതുവിലും ബഹുഭാര്യത്വം, വിവാഹമോചനം എന്നിവയെ സംബന്ധിച്ച ഇസ്‌ലാമിക നിയമങ്ങൾക്കെതിരിൽ പ്രത്യേകിച്ചും ഇടതുപക്ഷ കമ്യൂണിസ്റ്റ് വിഭാഗവും മതനിഷേധികളും മുസ്‌ലിംവിരുദ്ധ കക്ഷികളും പ്രചണ്ഡമായ പ്രചാര വേലകൾ അഴിച്ചുവിടുമ്പോൾ സ്ത്രീവിഭാഗത്തെ അജ്ഞതയിൽനിന്നും തെറ്റിദ്ധാരണകളിൽനിന്നും രക്ഷിക്കുവാൻ ജി.ഐ.ഒ. ധീരമായിത്തന്നെ രംഗത്തിറങ്ങുകയുണ്ടായി. വിഷയത്തിന്റെ നാനാവശങ്ങളും പഠിച്ചുപരിശീലിച്ച അറുപതോളം പ്രസംഗകളെ ജി.ഐ.ഒ രംഗത്തിറക്കി. അവർ കേരളത്തിലങ്ങോളമിങ്ങോളം സംഘടിപ്പിക്കപ്പെട്ട യോഗങ്ങളിലും സമ്മേളനങ്ങളിലും ചർച്ചാവേദികളിലും പങ്കെടുത്ത് ശരീഅത്തിന്റെ യാഥാർഥ്യം സ്ത്രീസമൂഹത്തെ ബോധ്യപ്പെടുത്താനും തെറ്റിദ്ധാരണകൾ ദൂരീകരിക്കാനും ശ്രമിച്ചു. ഈ സംരംഭം ഇസ്‌ലാമികതൽപരരും ഇസ്‌ലാം സ്നേഹികളുമായ എല്ലാവരുടെയും അഭിനന്ദനവും അംഗീകാരവും പിടിച്ചുപറ്റി.

**അവകാശസംരക്ഷണദിനം**

സ്ത്രീജനത്തിനുനേരെ രാജ്യത്ത് പൊതുവായും ചില സംസ്ഥാനങ്ങളിൽ പ്രത്യേകിച്ചും നടന്നുവരുന്ന പീഡനങ്ങൾക്കെതിരിൽ ദൈവദത്തവും ഭരണഘടനാനുസൃതവുമായ സംരക്ഷണം ഉറപ്പുവരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 1991 ആഗസ്റ്റ് 15 അവകാശസംരക്ഷണ ദിനമായി ആചരിക്കുകയും ബോധവൽക്കരണ സ്കോഡുകൾ, യോഗങ്ങൾ എന്നിവക്കു പുറമെ ഇന്ത്യൻ പ്രധാനമന്ത്രി, സംസ്ഥാന മുഖ്യമന്ത്രി എന്നിവർക്ക് നിവേദനങ്ങൾ അയച്ചുകൊടുക്കുകയും ചെയ്തു.

**നബിദിന കാമ്പയിൻ**

നബിദിനത്തോടനുബന്ധിച്ച് 'പ്രവാചകൻ വനിതാവിമോചകൻ' എന്ന വിഷയകമായി കാമ്പയിൻ സംഘടിപ്പിച്ചു. സെമിനാറുകൾ, യോഗങ്ങൾ, ക്ലാസുകൾ, സ്കോഡുകൾ, ലഘുലേഖ വിതരണം എന്നിവയായിരുന്നു പ്രധാന പരിപാടികൾ. പ്രത്യേക പഠനപരിശീലനം നൽകിയ നാൽപതോളം ജി.ഐ.ഒ പ്രാസംഗികർ വിവിധ പരിപാടികളിൽ പങ്കെടുത്തു പ്രസംഗിക്കുകയുണ്ടായി.

**ആരോഗ്യ ശുചീകരണവാരം**

ജി.ഐ.ഒ വർഷംതോറും നടത്തിവരുന്ന ആരോഗ്യ ശുചീകരണവാരത്തിൽ ആരോഗ്യ ക്ലാസുകൾ, പ്രഥമശുശ്രൂഷാ ക്ലാസുകൾ, ഫിലിം പ്രദർശനം, ശുചീകരണ പ്രവർത്തനം, ആശുപത്രി സന്ദർശനം തുടങ്ങിയ പരിപാടികൾ നടത്തിവരുന്നു.

**കാമ്പസ് സർക്കിളും സർഗസംഗമവും**

കലാലയങ്ങളിലെ പ്രവർത്തനം ആസൂത്രിതവും കാര്യക്ഷമവുമാക്കുന്നതിന് കാമ്പസ് സർക്കിളുകൾ രൂപീകരിച്ചിട്ടുണ്ട്. ഹൈസ്കൂളുകളിൽനിന്നും കോളേജുകളിൽനിന്നും ഈരണ്ടു പ്രതിനിധികൾ വീതമാണ് കാമ്പസ് സർക്കിളുകളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നത്. കാമ്പസ് സർക്കിൾ കൺവീനർ ഇവർക്ക് നേതൃത്വം നൽകുന്നു. കലാലയ തെരഞ്ഞെടുപ്പിൽ സമാന ചിന്താഗതിക്കാരായ സ്ഥാനാർഥികളെ പിന്തുണക്കുന്നതിനു പുറമെ സാധ്യതയും സാഹചര്യവുമുളളിടത്ത് സ്വന്തം സ്ഥാനാർഥികളെ നിർത്തി മൽസരിക്കുകയും ചെയ്യുന്നു.

**സിസ്റ്റേഴ്സ് ഫോറം**

ജി.ഐ.ഒ.യുടെ സാമൂഹിക-ധാർമിക സംരംഭങ്ങളിൽ സഹോദര സമുദായങ്ങളിലെ സഹോദരികളെ സഹകരിപ്പിക്കാൻ പരമാവധി ശ്രമിച്ചുവരുന്നുണ്ട്. സുഹൃൽസമ്മേളനം, സൗഹൃദസന്ദർശനങ്ങൾ, വ്യക്തിബന്ധങ്ങൾ തുടങ്ങിയവയിലൂടെ സമുദായമൈത്രിയും മനസാഹോദര്യവും പ്രോൽസാഹിപ്പിക്കാനുള്ള ശ്രമങ്ങളും ജി.ഐ.ഒ.യുടെ പരിപാടികളുടെ ഭാഗമാണ്.

നന്മയുടെ സ്ഥാപനം തിന്മയുടെ ഉച്ചാടനം, ആരോഗ്യവിദ്യാഭ്യാസ പരിപാടികൾ, ജനസേവന പ്രവർത്തനം തുടങ്ങിയവയിൽ അമുസ്‌ലിം സഹോദരികളുടെ സഹകരണം ലഭ്യമായ സ്ഥലങ്ങളിൽ സിസ്റ്റേഴ്സ് ഫോറം രൂപീകരിച്ചുപ്രവർത്തിക്കുന്നു.

**തർബിയത്ത്**

പ്രവർത്തകരുടെ വിശ്വാസപരവും കർമപരവുമായ വളർച്ചക്കും അവരുടെ കഴിവുകളും യോഗ്യതകളും വളർത്തിയെടുക്കുന്നതിനും ജി.ഐ.ഒ.യുടെ പ്രവർത്തനങ്ങളിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്.

വിദ്യാർഥിനികളുടെ കലാ-വൈജ്ഞാനിക കഴിവുകൾ വളർത്തുന്നതിന് സാധ്യതയുള്ള പ്രദേശങ്ങളിൽ സർഗസംഗമവേദികൾ രൂപീകരിച്ചു. അവയുടെ പ്രോത്സാഹനാർഥം 1989 ഡിസംബറിൽ ഏരിയ യൂനിറ്റ് തലങ്ങളിൽ മൽസരങ്ങൾ സംഘടിപ്പിക്കുകയും 90 ജനുവരി ഒന്നിന് കേരളമൊട്ടുക്കും സർഗസംഗമദിനമായി ആചരിക്കുകയും ചെയ്തു.

**ആരാമം**

എഴുത്തും വായനയും മുസ്‌ലിം സ്ത്രീകൾക്ക് വിലക്കപ്പെട്ട കനിയായിരുന്ന കാലമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ, മാതൃഭാഷപോലും അറിഞ്ഞുകൂടാത്തവരായി നമ്മുടെ സ്ത്രീകൾക്കു കഴിഞ്ഞുകൂടേണ്ടി വന്നു. ഇത്തരം വിലക്കുകൾ ഇപ്പോൾ മിക്കവാറും ഇല്ലാതായിട്ടുണ്ടെങ്കിലും സ്ത്രീകൾക്ക് ശരിയായ വിധത്തിൽ മാതൃഭാഷ കൈകാര്യം ചെയ്യുവാനോ അതുപയോഗിച്ച് മറ്റു സഹോദരികൾക്ക് അറിവ് പകർന്നുകൊടുക്കാനോ ഉള്ള പാടവം ഒട്ടും ഉണ്ടായിരുന്നില്ല. ഈ സാഹചര്യത്തിലാണ് ജി.ഐ.ഒ ധൈര്യമവലംബിച്ചും അല്ലാഹുവിൽ ഭരമേൽപിച്ചും ഒരു വനിതാ മാസികക്ക് ജന്മം നൽകുന്നത്. അങ്ങനെ പിറന്നുവീണ 'ആരാമം വനിതാ മാസിക' ഇന്ന് കേരളത്തിലെ പുകൾപെറ്റ ഒരു വനിതാ പത്രമായി ഉയർന്നിരിക്കുന്നു. പതിനായിരക്കണക്കിൽ കോപ്പികളുള്ള 'ആരാമ'ത്തിന് ലക്ഷക്കണക്കിൽ വായനക്കാരുമുണ്ട്.

ആരാമം ഇന്ന് ജി.ഐ.ഒ.യുടെ മാത്രമല്ല, മുസ്‌ലിം സമുദായത്തിന്റെ തന്നെ അഭിമാനവുമാണ്. ആരാമത്തിന്റെ കാഴ്ചപ്പാടുകൾ പിന്തുടർന്നുകൊണ്ട് ഇപ്പോൾ വേറെയും വനിതാ മാസികകൾ രംഗത്തുവന്നിട്ടുണ്ടെന്നുള്ളത് ജി.ഐ.ഒ.ക്ക് അഭിമാനത്തിന് വക നൽകുന്നതാണ്.

**ജി.ഐ.ഒ.വിന് അംഗീകാരം**

1986 ഡിസമ്പറിൽ ബാംഗ്ലൂരിൽ നടന്ന എസ്.ഐ.ഒ അഖിലേന്ത്യാ സമ്മേളനത്തിലേക്ക് ജി.ഐ.ഒ സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളെ ക്ഷണിക്കപ്പെടുകയുണ്ടായി. സമ്മേളനത്തോടനുബന്ധിച്ച് വിവിധ സംസ്ഥാനങ്ങളിൽനിന്ന് ക്ഷണിക്കപ്പെട്ട വനിതകളുടെ ഒരു കൺവെൻഷനു വേണ്ടിയായിരുന്നു അത്. അവിടെ വെച്ച് ഇതര സംസ്ഥാനങ്ങളിലെ വിദ്യാർഥിനികൾക്കുവേണ്ടി സംഘടിതപ്രവർത്തനം ആരംഭിക്കുന്നതിനുള്ള മാർഗങ്ങളും രീതികളും ചർച്ച ചെയ്യപ്പെട്ടു. രണ്ടു ദിവസം നീണ്ട ചർച്ചക്ക് മാർഗദർശനമായി സ്വീകരിച്ചത് ജി.ഐ.ഒ.യുടെ ഭരണഘടനയും നയപരിപാടികളുമായിരുന്നു.

പിന്നീട് രൂപം നൽകപ്പെട്ട ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ ചതുർവർഷ പരിപാടിയിൽ സംസ്ഥാനതലങ്ങളിൽ വിദ്യാർഥിനി സംഘടനകൾക്കു രൂപം നൽകുകയെന്ന ഒരിനവും അംഗീകരിക്കപ്പെട്ടു. ഇതനുസരിച്ച് ഇപ്പോൾ കർണാടക, ആന്ധ്ര, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ ജി.ഐ.ഒ എന്ന പേരിൽ തന്നെ വിദ്യാർഥിനി സംഘടനകൾ നിലവിൽ വന്നിരിക്കുന്നു.